27/02/2020
DESPATCHED

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1330(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8517/SIC-Gen 2/2015**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. എൻ.ടി.പി. ശ്രീമതി,
കണിമംഗലത്ത് കൃഷ്ണപ്രസാദം,
രാമഗിരി – ഉദയഗിരി, രാവണേശ്വരം പി.ഒ.,
കാസർഗോഡ് ജില്ല – 671 316.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ബേക്കൽ, തിരുവക്കോളി,
കാസർഗോഡ് ജില്ല.

2. ഹെഡ്മാസ്റ്റർ,
ഗവൺമെന്റ് യു.പി. സ്കൂൾ,
പുല്ലൂർ, കാസർഗോഡ് ജില്ല.

3. അപ്പീൽ അധികാരി,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ബേക്കൽ, തിരുവക്കോളി,
കാസർഗോഡ് ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 20.05.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 21.05.2015 |

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ ബേക്കൽ ഉപജില്ലാ സ്ക്കൂൾ കലോത്സവ (2014–15)ത്തിലെ ചില മത്സരയിനങ്ങളുടെ സ്കോർഷീറ്റ് അടക്കമുള്ള രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 14.02.19ൽ കാസർകോട്ട് കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസിങ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജി ക്കാരിയും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3. 31.01.15ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 10.04.15വരെയും എസ്.പി. ഐ.ഒ. മറുപടി നൽകിയില്ലെന്ന് അപ്പീൽ ഹർജിക്കാരി മൊഴി നൽകി. താൻ ആവശ്യപ്പെട്ട രേഖകൾ മൂന്നു മാസം വരെ സൂക്ഷിക്കണമെന്നാണ് വിദ്യാഭ്യാസ മാനുവലിൽ പറയുന്നതെന്നും ടിയാൾ പറഞ്ഞു.

4. നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകിയില്ല എന്ന കാര്യം ഒന്നാം എതിർകക്ഷി ഹിയറിംഗിൽ സമ്മതിച്ചു.

ഈ മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

5. ഉപ ജില്ലാ കലോത്സവം നടക്കുന്ന സ്ക്കൂളിൽത്തന്നെയാണ് കലോത്സവം സംബന്ധിച്ച രേഖകൾ സൂക്ഷിക്കാറുള്ളതെന്നും, അത്തരം രേഖകളൊന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിച്ചു വയ്ക്കാറില്ലെന്നും ഒന്നാം എതിർകക്ഷി 25.06.15ൽ കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അപ്പലേറ്റ് അതോറിറ്റിയുടെ മേൽ വിലാസത്തിൽ 16.04.15ന് ലഭിച്ച അപ്പീൽ അപേക്ഷ 21.04.15ന് ഗവൺമെന്റ് യു.പി. സ്ക്കൂൾ പുല്ലൂർ ഹെഡ്മാസ്റ്റർക്ക് അയച്ചുകൊടുക്കുകയും, അപേക്ഷക ആവശ്യപ്പെട്ട വിവരങ്ങൾ ഉടൻ അയച്ചു കൊടുക്കണമെന്ന് രേഖാമൂലം നിർദ്ദേശിക്കുകയും, ആ വിവരം രേഖാമൂലം അപ്പലേറ്റ് അതോറിറ്റിയെ അറിയിക്കാനും ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പുല്ലൂർ ഗവൺമെന്റ് യു.പി. സ്ക്കൂൾ ഹെഡ്മാസ്റ്റർ 25.04.15ന് നമ്പർ 15/43/15-16 എന്ന കത്തു പ്രകാരം എല്ലാ രേഖകളുടെയും പകർപ്പുകൾ അപേക്ഷകയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന് രേഖാമൂലം അപ്പലേറ്റ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട് എന്നും ടി റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്.

6. അയച്ചുകൊടുത്തതായി പറയുന്ന രേഖകളുടെ പകർപ്പ് കമ്മീഷൻ മുമ്പാകെയും ഒന്നാം എതിർകക്ഷി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് യു.പി. സ്ക്കൂൾ ഹെഡ്മാസ്റ്ററുടെ പക്കലാണ് ടി രേഖകൾ ഉള്ളതെന്ന് അറിയാവുന്ന ഒന്നാം എതിർകക്ഷി, വിവരാവകാശ അപേക്ഷ ടിയാൻ കൈപ്പറ്റി അഞ്ചു ദിവസത്തിനകം, വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പു പ്രകാരം കൈമാറിയതായി കാണുന്നില്ല.

7. ഇതെന്തുകൊണ്ടു ചെയ്തില്ല എന്നതിന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി (SPIO) വിശദീകരണം നൽകേണ്ടതുണ്ട്. ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്. ഒപ്പം അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും ടിയാൾക്ക് 15 ദിവസത്തിനകം നൽകേണ്ടതാണ്.

8. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.